## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3496 12.5.2017-ൽ മറുപടിയ്ക്ക്

### കോഴിയിറച്ചി-കോഴിമുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ കോഴിയിറച്ചി -- കോഴിമുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | എ) കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ വകുപ്പും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴിക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും, വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം നടത്തി വരുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി പ്രൊഡക്ഷൻ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ തിരഞ്ഞെടുത്ത 905 സ്കൂളുകളിൽ 50 വീതം വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ കോഴിയിറച്ചി, കോഴിമുട്ട ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാൻ കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | ബി) | മുട്ടയുടെ ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. കെപ്കോ നടപ്പാക്കി വരുന്ന പദ്ധതികളിലൂടെ വിതരണം ചെയ്യപ്പെട്ട കോഴികളുടെ എണ്ണത്തിന് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്വന്തം നിലയിൽ 600 ടൺ കെപ്കോ കോഴിയിറച്ചി ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും രോഗം ബാധിച്ച കോഴികളെയും, താറാവുകളെയും സംസ്ഥാനത്തേക്ക് കടത്തുന്നതു സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | സി) | വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന താറാവുകളുടേയും കോഴികളുടേയും പരിശോധന, ചെക്ക് പോസ്റ്റിൽ നടത്തി അസുഖമുള്ള പക്ഷിക്കൂട്ടങ്ങളെ സംസ്ഥാനത്ത് പ്രവേശിപ്പിക്കാതെ ഉറവിട സ്ഥാനത്തേയ്ക്ക് മടക്കി അയയ്ക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വകുപ്പ് മേലധികാരികൾ വിലയിരുത്തിയിട്ടുണ്ട്. പ്രവർത്തന റിപ്പോർട്ട് ആധാരമാക്കി എല്ലാ മാസങ്ങളിലും ചർച്ചകളും വിലയിരുത്തലുകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കെപ്കോ നടപ്പാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

**ഇന്റഗ്രേഷൻ പദ്ധതി**

കോർപ്പറേഷന്റെ രണ്ട് മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിലും ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെയും ഇന്റഗ്രേഷൻ പദ്ധതി പ്രകാരം തല്പരരായ കർഷകരെ കൊണ്ട് വളർത്തി 45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾക്ക് വേണ്ടി വിതരണം ചെയ്തു വരുന്നു. കർഷകന് വളർത്തു കൂലിയായി ഒരു കോഴിക്ക് 10 രൂപ വരെ നൽകുന്നു.

**എ). കെപ്കോ ആശ്രയ പദ്ധതി**

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ കോഴിത്തീറ്റയും, 50/ രൂപയുടെ മരുന്നും ലഭിക്കുന്നു.

**ബി). റൂറൽ ബാക്ക്യാർഡ് പദ്ധതി**

കേരളത്തിലെ ഗ്രാമപ്രദേശത്തുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ഒരു ചെറിയ വരുമാന മാർഗ്ഗവും, കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും മുൻ നിറുത്തി ആവിഷ്ക്കരിച്ചിട്ടുള്ള 500 ഗുണഭോക്താക്കൾക്കാണ് പ-ദ്ധതി നടപ്പിലാക്കി വരുന്നത്. അതിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നുണ്ട് ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 45 കോഴികൾ, മൂന്ന് ഘട്ടങ്ങളായി വിതരണം ചെയ്യുന്നതാണ്. ആദ്യഘട്ടത്തിൽ 20, രണ്ടാം ഘട്ടത്തിൽ 15, മൂന്നാം ഘട്ടത്തിൽ 10 എന്നീ മുറയ്ക്കാണ് കോഴികളുടെ വിതരണം നടത്തുന്നത്. ഇതിന് പുറമേ 750 രൂപ, കൂട് നിർമ്മാണത്തിനായി നൽകുന്നതാണ്. ഓരോ ഗുണഭോക്താവിനും കോഴി ഒന്നിന് 35 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതമായി നൽകുന്നതാണ്.

സി).കെപ്കോ നഗരപ്രിയ പദ്ധതി

നഗര പ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദനചെലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം, പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന പദ്ധതിയാണിത്. ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും, 5 കിലോ കോഴിത്തീറ്റയും, മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃവിഹിതമായി **അടയ്ക്കേണ്ടതുണ്ട്.**

ഡി). **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗത്തിലെ 6,7 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും, ഹൈസ്കൂൾ വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും 5 കോഴിയും, 5 കിലോ തീറ്റയും മരുന്നും സൗജന്യമായി ലഭിക്കുന്നു.

ഇ). **കോൾനിലങ്ങളിലെ കോഴിവളർത്തൽ**

തൃശ്ശൂർ പൊന്നാനി മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കോൾ നിലങ്ങളുടെ വികസനം മുൻനിറുത്തി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12 കോഴി, 10 കിലോ കോഴിത്തീറ്റ, 50/- രൂപയുടെ മരുന്ന് എന്നിവ നൽകി വരുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 100/- രൂപ അടയ്ക്കേണ്ടതാണ്.

**എഫ്). കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി**

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 660 വനിതാ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 5 കോഴി, 2 കിലോ തീറ്റ, 50/- രൂപയുടെ മരുന്ന് എന്നിവ നൽകുന്നു. ഗുണഭോക്തൃ വിഹിതമായി ഓരോ ഗുണഭോക്താവും 150/- രൂപ അടയ്ക്കേണ്ടതുണ്ട്

**ജി) വില്ലേജ് പൗൾട്രി (കോഴിവളർത്തൽ ഗ്രാമങ്ങൾ)**

തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലും 500 ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതിയാണ് കോഴിവളർത്തൽ ഗ്രാമം പദ്ധതി. ഓരോ ഗുണഭോക്താവിനും 8 കോഴികൾ, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യ മായി ലഭിക്കുന്നതാണ്.

എച്ച്). കോഴിവളർത്തൽ പദ്ധതി (കുടുംബശ്രീ യൂണിറ്റുകൾ വഴി)

തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിലെ 20 കുടുംബശ്രീ ഗ്രൂപ്പിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ കോഴിത്തീറ്റയും, 30/- രൂപയുടെ മരുന്നും വിതരണം ചെയ്യുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 250/- രൂപ മാത്രം അടയ്ക്കേണ്ടതാണ്.

ഐ). പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി

സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി ഒരു പ്രത്യേക കോഴിവളർത്തൽ പദ്ധതി നടപ്പാക്കുകയാണ്. കേജ് സിസ്റ്റം, ഡീപ് ലിറ്റർ സിസ്റ്റം എന്നിങ്ങനെ രണ്ട് രീതിയിലുള്ള കോഴിവളർത്തൽ പദ്ധതിയാണ് ഇതിൽ ഉൾപ്പെടുന്നത്.

1. **കേജ് സിസ്റ്റം**

കേജ് സിസ്റ്റം അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 24,000/ രൂപ നിർമ്മാണച്ചെലവ് വരുന്നതും, 100 കോഴികളെ വളർത്താൻ പര്യാപ്തവുമായ ആധുനിക രീതിയിൽ നിർമ്മിച്ചിട്ടുള്ള ഒരു കൂടും, മുട്ടയിടാൻ പ്രായമായ 100 കോഴികളെയും സൗജന്യമായി നൽകുന്നു. പുറമേ കോഴിക്കൂട് സുരക്ഷിതമായി സ്ഥാപിക്കുന്നതിന് വേണ്ടി ഒരു ഷെഡ്ഡ് നിർമ്മിക്കുന്നതിന് 14,000/ രൂപ ധനസഹായവും നൽകുന്നു. കൂടാതെ ആദ്യത്തെ ഒരു മാസം ഉപയോഗിക്കുന്നതിന് വേണ്ടി 7000/ രൂപ വില വരുന്ന കോഴിത്തീറ്റയും ഗുണഭോക്താവിന് ലഭിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന 300 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

2. **ഡീപ് ലിറ്റർ സിസ്റ്റം**

കോഴി വളർത്തുന്നതിന് ആവശ്യമായ സ്ഥലം സ്വന്തമായി ഉള്ളവരെ ഉദ്ദേശിച്ചുള്ളതാണ് ഡീപ് ലിറ്റർ സമ്പ്രദായം. 2000 ചതുരശ്ര അടിയിൽ കുറയാതെ വിസ്തീർണ്ണമുള്ള സ്ഥലം സ്വന്തമായുള്ള 14 ഗുണഭോക്താക്കളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രീതി അനുസരിച്ച് കോഴി വളർത്തലിന് പര്യാപ്തമായ ഷെഡ്ഡുകൾ, തീറ്റപ്പാത്രങ്ങൾ, വെള്ളപ്പാത്രങ്ങൾ, ഷെഡ്ഡുകളുടെ വൈദ്യുതീകരണം, ശുദ്ധജല സജ്ജീകരണം തുടങ്ങിയവയ്ക്ക് വേണ്ടി 6 ലക്ഷം രൂപ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വ്യവസ്ഥയിൽ ഓരോ ഗുണഭോക്താവിനും ലഭിക്കും. മൂന്ന് ഗഡുക്കളായിട്ടായിരിക്കും ഈ തുക നൽകുന്നത്.

സെക്ഷൻ ഓഫീസർ